**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 62** **10-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഐ.ടി. ഹാർഡ് വെയർ ഉത്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2023- 2024 സാമ്പത്തികവർഷം എത്ര കോടി രൂപയുടെ ഐ.ടി. ഹാർഡ് വെയർ ഉത്പാദനമാണ് സംസ്ഥാനത്ത് നടന്നത്; വ്യക്തമാക്കുമോ; | (എ) | 2023 - 2024 സാമ്പത്തിക വർഷം 300 ലക്ഷം (മുന്നൂറ് ലക്ഷം) രൂപയുടെ ഉത്പാദനം ആണ് നടത്തിയത് |
| (ബി) | അത് മുൻ വർഷത്തെ അപേക്ഷിച്ച് എത്ര കൂടുതലാണെന്ന് വിശദമാക്കുമോ; | (ബി) | 2022-23 സാമ്പത്തിക വർഷത്തെക്കാൾ 2023-24 സാമ്പത്തിക വർഷത്തിൽ 30 ഇരട്ടിയോളം ഉത്പാദനം കൂടുതൽ നടത്തിയിട്ടുണ്ട് |
| (സി) | 2025-26 ആകുമ്പോൾ ഉത്പാദനം എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (സി) | 2025-26 സാമ്പത്തിക വർഷത്തിൽ 48,00,00,000/- (നാൽപ്പത്തിയെട്ട് കോടി) രൂപയുടെ ഉത്പാദനം നടത്താനായി ലക്ഷ്യമിടുന്നു. |
| (ഡി) | സ്വകാര്യ ഐ.ടി. പാർക്കുകളെ പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ നൂതന നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | സർക്കാർ ഐ.ടി പാർക്കുകളെ കേന്ദ്രീകരിച്ചാണ് കൂടുതലായും ഐ.ടി വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. പ്രസ്തുത ഐ.ടി പാർക്കുകളിൽ സ്വകാര്യ സംരംഭകരെയും കമ്പനികളെയും ആകർഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ